**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5514** **24-03-2025 - ൽ മറുപടിയ്ക്ക്**

**അപകടത്തിന് കാരണമായ വാഹനം കണ്ടെത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കൊടകര പോലീസ് സ്റ്റേഷനിലെ 0410/2024 നമ്പർ എഫ്.ഐ.ആർ. പ്രകാരമുള്ള വാഹനാപകടത്തിന് കാരണമായ വാഹനം കണ്ടെത്തുന്നതിനുള്ള അന്വേഷണത്തിന്റെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | 16.05.2024-ൽ കൊടകര പോലീസ് സ്റ്റേഷനിൽ ക്രൈം നം.0410/2024 U/s 279, 337, 338 IPC പ്രകാരം രജിസ്റ്റർ ചെയ്ത കേസ് സാങ്കേതിക തെളിവുകളും മറ്റും ശേഖരിച്ച് അന്വേഷണം നടത്തിവരികയാണ്. സംഭവസ്ഥലത്തെ CCTV ക്യാമറ പരിശോധിച്ചതിൽ വാഹനാപകടത്തിന് കാരണമായത് ഒരു ഓട്ടോറിക്ഷയാണെന്ന് വ്യക്തമായിട്ടുണ്ട്. കേസിന്റെ അന്വേഷണം നടന്നുവരവെ 19.12.2024-ൽ പരാതിക്കാരന്റെ ഭാര്യ മരണപ്പെട്ടിട്ടുള്ളതും ഇൻക്വസ്റ്റ് റിപ്പോർട്ട് തയ്യാറാക്കി, മരണപ്പെട്ട കാര്യത്തിന് Sec. 304(A) IPC ആയി സെക്ഷൻ ആൾട്ടർ ചെയ്ത്, ആയത് ബഹു. കോടതിക്ക് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | അപകടം നടന്ന് ഒൻപത് മാസങ്ങൾ പിന്നിട്ടിട്ടും അപകടത്തിന് കാരണമായ വാഹനം കണ്ടെത്താൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | (ബി) | കേസിലേക്ക് നടത്തിയ അന്വേഷണത്തിൽ ഇടിച്ച വാഹനത്തെക്കുറിച്ച് യാതൊരു അറിവും ഇല്ലാതിരുന്നതും സംഭവ സമയം രാത്രിയായതിനാലും നല്ല മഴ പെയ്ത് വൈദ്യുതി ഇല്ലാതിരുന്നതിനാലും വാഹനം ഇടിക്കുന്നതിന്റെ ദൃശ്യങ്ങളോ, വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പറോ, വാഹനം ഓടിച്ചയാളെയോ വ്യക്തമായി CCTV ക്യാമറകളിൽ ലഭിച്ചിട്ടില്ലാത്തതുമാണ്. കൂടാതെ സംഭവ സമയം ദൃക്സാക്ഷികൾ ആരും തന്നെ ഉള്ളതായ വിവരം അന്വേഷണത്തിൽ ലഭ്യമായിട്ടില്ല. സംശയകരമായ ആളുകളുടെ CDR രേഖകൾ പരിശോധിച്ചതിൽ ഗുണപ്രദമായ വിവരങ്ങൾ ലഭിക്കാത്തതിനാലും ഈ കേസിലെ പ്രതിയേയും വാഹനത്തേയും കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. |
| (സി) | അപകടത്തിനിരയായ വ്യക്തി മരിച്ച സാഹചര്യത്തിൽ എത്രയും വേഗം വാഹനം കണ്ടെത്തി മരിച്ചയാളുടെ കുടുംബത്തിന് ഇൻഷുറൻസ് തുക ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | ഈ കേസിലെ പ്രതിയേയും വാഹനത്തേയും ഇതുവരെയും കണ്ടെത്താൻ സാധിക്കാത്തതിനാൽ ആവലാതിക്കാരന് നഷ്ടപരിഹാരത്തിന് ബന്ധപ്പെട്ട താലൂക്ക് ഓഫീസിൽ അപേക്ഷ നൽകുന്നതിന് അവകാശമുണ്ടെന്ന വിവരം ചാലക്കുടി താലൂക്ക് |

| | | | |
|---|---|---|---|
| | | | ഓഫീസർക്ക് നൽകിയിട്ടുണ്ട്. ഇടിച്ച വാഹനം കണ്ടെത്തുന്നതിനും പ്രതിയെ അറസ്റ്റ് ചെയ്യുന്നതിനും പരാതിക്കാരനും കുടുംബത്തിനും അർഹതപ്പെട്ട നഷ്ടപരിഹാര തുക ലഭിക്കുന്നതിനും ആവശ്യമായ തുടർ നടപടികൾ സ്വീകരിച്ച് വരുന്നു. കേസിലെ പ്രതിയേയും വാഹനവും കണ്ടെത്തുന്നതിനായി ഊർജ്ജിതമായ അന്വേഷണം നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ